**മധുരമായ കുട്ടികളെ- ദേഹസഹിതം ദേഹത്തിന്റെ സർവ്വസംബന്ധങ്ങളുടെയും സൂക്ഷിപ്പുകാരാകൂ, എല്ലാവരെയും സംരക്ഷിച്ച് കൊണ്ടും ആരിലും മമത്വം വെയ്ക്കാതിരിക്കൂ.**

**ചോദ്യം-** ഈ ഡ്രാമയിൽ മായ ഏതെല്ലാം തെറ്റുകൾ ചെയ്യിക്കുമ്പോഴാണ് ബാബ വന്ന് തിരുത്തിക്കുന്നത്?

**ഉത്തരം-** 1. ആദ്യത്തെ തെറ്റ് ഇതാണ് ബ്രഹ്മതത്വത്തെ തന്നെ പരമാത്മാവാണെന്ന് മനസ്സിലാക്കി. തത്വവുമായി യോഗം വെയ്ക്കുന്നത് മിഥ്യയാണ്, ഇതിലൂടെ വികർമ്മം ഭസ്മമാകുന്നില്ല. 2. ഹിന്ദുസ്ഥാനിൽ വസിക്കുന്നത് കാരണം ദേവീ ദേവതാ ധർമ്മത്തിന് പകരം ഹിന്ദു ധർമ്മം എന്ന് പറയുന്നതും വലിയ തെറ്റാണ്. ഈ തെറ്റ് കാരണം ധർമ്മത്തിന്റെ ശക്തിയില്ലാതായി. ഇപ്പോൾ ബാബ വന്നിരിക്കയാണ് നിങ്ങളുടെ തെറ്റ് തിരുത്തിക്കുന്നതിന്.

**ഗീതം-** എൻ മനസ്സിൻ വാതില്പടിക്കൽ വന്നവനാരോ.....

**ഓം ശാന്തി.** ഇതാരാണ് കുട്ടികളുടെയടുത്ത് വന്നിരിക്കുന്നത്? കുട്ടികളുടെയടുത്ത് മാതാ പിതാവ് തന്നെ വരുന്നു. ബാബയെ കുറിച്ചാണ് മഹിമയുള്ളത്, അങ്ങ് തന്നെയാണ് മാതാ പിതാവെന്ന്. ഇപ്പോൾ നിങ്ങൾ ബാലകരായി ഇരിക്കുന്നു. പരമപിതാ പരമാത്മാവ് കുട്ടികൾക്ക് മനസ്സിലാക്കി തരുന്നു ഞാൻ നിരാകാരനാണ്. ബ്രഹ്മാ, വിഷ്ണു, ശങ്കരന് പോലും ഇങ്ങനെ പറയാൻ സാധിക്കില്ല. ഇത് പരമപിതാ പരമാത്മാവിനേ ഈ ശരീരത്തിലൂടെ പറയാൻ സാധിക്കൂ. ഇതറിയാം എനിക്ക് സ്ഥൂലമോ സൂക്ഷ്മമോ ആയ ശരീരമില്ല. ആത്മാവ് തന്നെയാണ് ശരീരത്തിലൂടെ സംസാരിക്കുന്നത്. നിരാകാരനായ പരമപിതാ പരമാത്മാവ് കുട്ടികളെ പഠിപ്പിച്ചു കൊണ്ടിരിക്കുന്നു. പുതിയ ആളുകളാരെങ്കിലും കേട്ടാൽ ഇതെങ്ങനെ എന്ന് ചോദിക്കും. ശിവഭഗവാനുവാചാ ബ്രഹ്മാവിന്റെ ശരീരത്തിലൂടെ. ശിവബാബയ്ക്ക് സ്വന്തം ശരീരമില്ല. അപ്പോൾ ഇത്രയും ബി കെ എവിടെ നിന്ന് ഉണ്ടാകും? ആ ബ്രാഹ്മണർ സ്വയത്തെ ബ്രഹ്മാകുമാരൻ എന്ന് പറയില്ല. നിങ്ങൾ എന്ത് കൊണ്ട് പറയുന്നു നമ്മൾ ബി കെ ആണെന്ന്. നിങ്ങൾക്ക് തെളിയിച്ച് മനസ്സിലാക്കി കൊടുക്കാൻ സാധിക്കും ഈ ബ്രഹ്മാവിന്റെ അച്ഛൻ പരമപിതാ പരമാത്മാവാണെന്ന്. ബ്രഹ്മാ, വിഷ്ണു, ശങ്കരൻ ബാബയുടെ കുട്ടികളാണ്. അതിനാൽ ശിവബാബ ഈ ബ്രഹ്മാമുഖത്തിലൂടെ മുഖവംശാവലിയെ രചിച്ച് അവരെ മനുഷ്യനിൽ നിന്നും ദേവതയാക്കുന്നു. ഈ ലോകത്തിൽ നിരവധി മനുഷ്യരുണ്ട്. അനേക പ്രകാരത്തിലുള്ള ധർമ്മങ്ങൾ, ജാതികളുണ്ട്. ഗുജറാത്തി, പഞ്ചാബി, യു പി, ക്രിസ്ത്യാനി, ബുദ്ധമതക്കാർ, മഹാരാഷ്ട്രിയൻ എന്നിങ്ങനെ എത്ര ജാതികളുടെ പേരാണ്. സത്യയുഗത്തിൽ ഇത്രയും ജാതിയോ ധർമ്മമോ ഇല്ല. അനേക ഭാഷകളുമില്ല. പറയാറുണ്ട് ഒരു രാജ്യം വേണം എന്ന്. സത്യയുഗത്തിലുള്ളത് ദേവീ ദേവതാ ധർമ്മമാണ്. ബാബ പറയുന്നു ഞാൻ വന്ന് ഒരേയൊരു ആദി സനാതന ദേവീ ദേവതാ ധർമ്മത്തിന്റെ സ്ഥാപന ചെയ്യുന്നു. പാടാറുണ്ട് മനുഷ്യനിൽ നിന്നും ദേവതയാക്കുന്നു. ദേവതമാരുള്ളത് സത്യയുഗത്തിലാണ്, ത്രേതായുഗത്തിലല്ല. ത്രേതായിലുള്ളത് ക്ഷത്രിയ വർണ്ണമാണ്. ശാസ്ത്രങ്ങളിലും എഴുതിയിട്ടുണ്ട് ബ്രഹ്മാവിന്റെ മുഖത്തിലൂടെ ബ്രാഹ്മണരുണ്ടായി എന്ന്. ബ്രാഹ്മണരെ പഠിപ്പിച്ച് ദേവതാ, ക്ഷത്രിയ ധർമ്മത്തിന്റെ സ്ഥാപന ചെയ്യുന്നു. ബാക്കിയുള്ള അനേക ധർമ്മങ്ങൾ ഇല്ലാതാകണം. ബാബ മനസ്സിലാക്കി തരുന്നു- മധുരമായ കുട്ടികളെ ഞാൻ നിങ്ങൾ ആത്മാക്കളുടെ സത്യ സത്യമായ അച്ഛനാണ്. ഞാൻ ഒരിക്കലും മാറുന്നില്ല. എന്നെ സദാ അച്ഛനായി തന്നെ ഓർമ്മിക്കുന്നു. ഭക്തർ ഭഗവാനെ ഓർമ്മിക്കുന്നു കാരണം ഈ അറിവ് ഭഗവാനല്ലാതെ മറ്റാർക്കും നല്കാനാകില്ല. ഇപ്പോൾ അനേകം ധർമ്മങ്ങളുണ്ട്. നിങ്ങൾക്ക് ലിസ്റ്റെടുക്കാനാകില്ല. എത്രയോ മനുഷ്യരുണ്ട്, ബാബ വന്ന് മനുഷ്യരെ ദേവതയാക്കുന്നു. സർവ്വരെയും ആക്കുന്നില്ല. ഇത് മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. ബാബ പറയുന്നു എനിക്കല്ലാതെ മറ്റാർക്കും ഈ അറിവ് നല്കാനാകില്ല. ബാബ കുട്ടികളെ സത്യയുഗത്തിലേക്ക് വേണ്ടി പഠിപ്പിക്കുന്നു. പറയുന്നു കുട്ടികളെ എത്രത്തോളം പുരുഷാർത്ഥം ചെയ്ത് ഉയർന്ന പദവി നേടാൻ ആഗ്രഹിക്കുന്നുവൊ അത്രയും നേടാം. ഓരോ മനുഷ്യരും അവരുടെ ഉപജീവനാർത്ഥം പുരുഷാർത്ഥം ചെയ്യുന്നു. തൂപ്പ് ജോലി ചെയ്യുന്നവരും നന്നായി പഠിക്കുകയാണെങ്കിൽ ഉയർന്ന പദവി നേടാൻ സാധിക്കും. ഇവിടെയും ബാബ പറയുന്നു അബലകൾക്കും ഗണികകൾക്കും പുരുഷാർത്ഥത്തിലൂടെ വിശ്വത്തിന്റെ സൂര്യവംശി രാജ്യം പ്രാപ്തമാക്കാം.

ബാബ മനസ്സിലാക്കി തന്നു ഈ സമയത്ത് ഓരോ ദ്രൗപദിയും വിളിക്കുന്നു- ബാബാ രക്ഷിക്കൂ, പിന്നെ കാണിക്കുന്നു കൃഷ്ണൻ മുകളിൽ ഇരിക്കുന്നതായി. ദ്രൗപദിക്ക് സാരികൾ ലഭിക്കുന്നു, രക്ഷപ്പെടുന്നു. ഇപ്പോൾ ഇങ്ങനെയുള്ള കാര്യമേയില്ല. ഇത് ഈ സമയത്തെ കാര്യങ്ങളാണ്. ബാബ പറയുന്നു നിങ്ങളെ

21 ജന്മം പതിതമാകുന്നതിൽ നിന്നും ഞാൻ രക്ഷിക്കുന്നു. നിങ്ങളുടെ വസ്ത്രം ആർക്കും അഴിക്കാൻ സാധിക്കില്ല. ഇത് പ്രവൃത്തിമാർഗ്ഗമാണ്, രണ്ട് പേർക്കും പവിത്രമാകണം. അരകല്പമായി വികാരങ്ങളിൽ മുഴുകിയതിനാൽ ഈ സ്വഭാവം മാറുന്നേയില്ല. ബാബ വന്ന് നിങ്ങളെ പതിതമാകുന്നതിൽ നിന്നും രക്ഷിക്കുന്നു, ഇതിൽ വളരെ പരിശ്രമമുണ്ട്. പവിത്രമായി ജീവിക്കുമ്പോൾ മായ യുദ്ധം ചെയ്യുന്നു. അബലകളുടെ മേൽ വിഷം കാരണം വളരെ അത്യാചാരം നടക്കുന്നു, പിന്നെ മക്കളിലും മോഹമുണ്ടാകുന്നു, ഇതിൽ പൂർണ്ണമായും നഷ്ടോമോഹാ ആകണം. ആദ്യമാദ്യം ഭട്ഠിയുടെ സമയത്ത് വളരെ ധൈര്യം വെച്ച് ഓടിവന്നു. അടിയേല്ക്കുന്നു, പ്രശ്നമുണ്ടാക്കുന്നുവെന്ന് കണ്ടപ്പോൾ ഉടൻ ഉപേക്ഷിച്ചു. സന്യാസിമാരും ഉപേക്ഷിച്ച് പോകുന്നുണ്ട്. ആദ്യമൊക്കെ അവരെ ഓർമ്മ ബുദ്ധിമുട്ടിക്കുന്നു. നഷ്ടോമോഹാ ആകുന്നതിൽ പ്രയത്നം വേണ്ടിവരുന്നു, കാരണം അവർക്ക് പ്രാപ്തിയുടെ ലക്ഷ്യമേയില്ല. ശക്തിയൊന്നും ലഭിക്കുന്നില്ല. നിങ്ങൾക്ക് ശക്തി ലഭിക്കുന്നു. അവർക്ക് പവിത്രതയുടെ ശക്തി എവിടെ നിന്ന് ലഭിക്കും? പവിത്രതയുടെ സാഗരൻ ഒരേയൊരു പരമപിതാ പരമാത്മാവാണ്, ബാബയിൽ നിന്ന് തന്നെയാണ് സമ്പത്ത് ലഭിക്കുന്നത്. അവർ ബാബയുമായി യോഗം വെയ്ക്കുന്നേയില്ല. ബ്രഹ്മവുമായി യോഗം വെയ്ക്കുന്നു അതിനാൽ പൂർണ്ണമായും പവിത്രമാകാൻ സാധിക്കുന്നില്ല. ബ്രഹ്മം അഥവാ തത്വവുമായി യോഗം വെയ്ക്കുന്നത് മിഥ്യയാണ്. നോക്കൂ, ഈ പോയിന്റ്സ് നല്ല രീതിയിൽ ധാരണ ചെയ്യണം. വളരെ തെറ്റുകൾ ചെയ്തിട്ടുണ്ട്. ഹിന്ദുസ്ഥാനിൽ വസിക്കുന്നവർ ഹിന്ദു ധർമ്മം എന്നു പറയുന്നു. ഇതും തെറ്റാണ്. ബ്രഹ്മം അഥവാ തത്വത്തെ പരമാത്മാവാണെന്ന് പറയുന്നതും തെറ്റാണ്. ഡ്രാമയിലും അടങ്ങിയിട്ടുണ്ട്. ബാബ മനസ്സിലാക്കി തരുന്നു ഈ തെറ്റുകളെല്ലാം ചെയ്യിക്കുന്നത് മായയാണ്. ബാബ വന്ന് തെറ്റ് തിരുത്തിക്കുന്നു. സത്യയുഗത്തിൽ ഒരു ധർമ്മം, ഒരു ഭാഷയായിരുന്നു. വൃന്ദാവനത്തിൽ വസിക്കുന്നവരെ വൃന്ദാവനിയെന്ന് പറയില്ല. അവിടെ ഒരു ധർമ്മമേയുള്ളൂ. ബാബ പറയുന്നു ഞാൻ വരുന്നത് നിങ്ങളെ വീണ്ടും ദേവതയാക്കാനാണ്. നിങ്ങൾ സ്വർഗ്ഗത്തിന്റെ അധികാരിയായി തീരുന്നു. ബാബ സ്വർഗ്ഗമാണ് രചിക്കുന്നത് പിന്നെ എന്തിന് നരകത്തിന്റെ അധികാരിയാകണം. പുതിയ ലോകത്തിൽ നമ്മൾ തീർച്ചയായും സ്വർഗ്ഗത്തിന്റെ അധികാരിയായിരിക്കും. ആ സമയത്ത് ബാക്കി സർവ്വ ആത്മാക്കളും പരംധാമിലായിരിക്കും. ഈ കാര്യങ്ങൾ ഇപ്പോൾ നിങ്ങളുടെ ബുദ്ധിയിലുണ്ട്. എത്രത്തോളം യോഗമുണ്ടോ അത്രത്തോളം ധാരണ ശ്രേഷ്ഠമാകും. എങ്ങും മമത്വം ഉണ്ടാകരുത്. സ്വയത്തെ ട്രസ്റ്റിയാണെന്ന് മനസ്സിലാക്കി സംരക്ഷിക്കൂ. ബാബ സൂക്ഷിക്കാനേല്പ്പിച്ചതാണ്. ദേഹ സഹിതം ദേഹ സംബന്ധികളുടെ ട്രസ്റ്റിയാണ് നമ്മൾ. പരീക്ഷണങ്ങളും വരുന്നു. എന്തെങ്കിലും രോഗം വന്നു, ദുഃഖമുണ്ടായിയെങ്കിൽ സംരക്ഷിക്കണം. ഇത് ദുഃഖത്തിന്റെ ലോകമാണ്. ശിവബാബയ്ക്ക് ദുഃഖമുണ്ടാകില്ല. ബാബ ട്രസ്റ്റിയാണ്. ആർക്കെങ്കിലും എന്തെങ്കിലും സംഭവിച്ചുവെങ്കിൽ പറയും കർമ്മകണക്ക് തീർത്ത് പോയി മറ്റൊരു ശരീരമെടുത്തു, ഇതിൽ നമുക്കെന്ത്. ഇത്രയും മനുഷ്യർ ശരീരം വെടിയും, ശിവബാബയ്ക്ക് ദുഃഖമുണ്ടാകുമോ? ഒന്നും കൂടി സന്തോഷമുണ്ടാകുന്നു. ഈ പഴയ അപവിത്രമായ ശരീരത്തെ വിടുവിച്ച് കുട്ടികളെ തിരികെ കൊണ്ടു പോകും. ദുഃഖത്തിന്റെ കാര്യമേയില്ല. വിഷമിക്കേണ്ട ആവശ്യമേയില്ല. നമ്മൾ ഇരിക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും മധുര മധുരമായ ബാബയെ ഓർമ്മിക്കുന്നു. പരംധാമിലേക്ക് പോകുന്നതിന് തയ്യാറായി കൊണ്ടിരിക്കുന്നു. ബാബയെ ഓർമ്മിച്ച് ഓർമ്മിച്ച് ശരീരം വെടിയും. അങ്ങനെ വളരെ സന്യാസിമാർക്ക് സംഭവിക്കുന്നുണ്ട്. ഇരുന്ന ഇരുപ്പിൽ തന്നെ മനസ്സിലാക്കുന്നു– ഞാൻ ബ്രഹ്മത്തിലേക്ക് പോകുന്നു, പോയി ലയിച്ച് ചേരും എന്ന്. അങ്ങനെ ഇരുന്നിരുന്ന് ശരീരം ഉപേക്ഷിക്കുന്നു. ബാബ തന്റെ അനുഭവത്തിലൂടെ പറയുകയാണ്. പ്രാണായാമം ചെയ്ത് ചെയ്ത് അപ്രത്യക്ഷമാകുന്നു. ആ ആത്മാവ് ബ്രഹ്മത്തിലേക്ക് പോയിയെന്ന് പറയാനാകില്ല. ആത്മാവ് ഒരു ശരീരം വിട്ട് മറ്റൊന്നെടുക്കുന്നു. ബാക്കി നിർവ്വാണത്തിലേക്ക് പോകുന്നില്ല, ജ്യോതി ജ്യോതിയിൽ ലയിക്കുന്നുമില്ല. സർവ്വർക്കും തീർച്ചയായും പാർട്ടഭിനയിക്കണം.

ബാബ പറയുന്നു സർവ്വ അഭിനേതാക്കളും ഹാജരാകുമ്പോഴാണ് ഞാൻ വരുന്നത് കാരണം ഞാൻ സർവ്വ സജനിമാരുടെയും സാജനാണ്. എന്റെ പിന്നാലെ സർവ്വ സജനിമാരും വരുന്നു. ഞാൻ വന്നിരിക്കുന്നത് സർവ്വരെയും തിരികെ കൊണ്ടു പോകുന്നതിനാണ്. ഇപ്പോൾ നാടകം പൂർത്തിയാകുന്നു. എത്ര വേണമെങ്കിലും പുരുഷാർത്ഥം ചെയ്യാം. സത്ഗതി ദാതാവ് ഒരേയൊരു ബാബ മാത്രമാണ്. ഇപ്പോൾ ബാബ വന്നിരിക്കുകയാണ്, മനസ്സിലാക്കി തരുന്നു– ഞാൻ എപ്പോൾ എങ്ങനെ വരുന്നുവെന്ന്. പിന്നെ നിങ്ങൾ സർവ്വാത്മാക്കളെയും കൊണ്ടു പോകുന്നു. പതിതത്തിൽ നിന്നും പുഷ്പമാക്കുന്നു. പുഷ്പമായവരേ ബലിയാകൂ. കൃഷ്ണൻ മോഷ്ടിക്കുന്നതായി കാണിക്കുന്നുണ്ട്. എന്തിന് മോഷ്ടിച്ചു? കൃഷ്ണന്റെ കാര്യമേയല്ല. ഇത് ബാബയാണ് വിടുവിച്ചത്. സഹജരാജയോഗം പഠിപ്പിച്ച് സ്വർഗ്ഗത്തിലെ മഹാരാജാ മഹാറാണിയാക്കുന്നതിന്. നിങ്ങൾക്ക് ഭാവിയിലെ പ്രിൻസ് പ്രിൻസസ് ആകുന്നതിന്റെ സാക്ഷാത്ക്കാരവും ഉണ്ടായിട്ടുണ്ട്. നിങ്ങൾക്കറിയാം നമ്മൾ മയിൽപീലി ധരിച്ച പ്രിൻസ് പ്രിൻസസ് ആയി തീരും. ഇപ്പോൾ നിങ്ങൾ ബ്രാഹ്മണരാണ്. പറയാറുണ്ട് പ്രജാപിതാ ബ്രഹ്മാവ്. അവരുടെ മക്കൾ ബ്രഹ്മാകുമാർ കുമാരിമായി തീരുന്നു. ഇത് മനസ്സിലാ

ക്കേണ്ടതും മനസ്സിലാക്കി കൊടുക്കേണ്ടതുമായ കാര്യങ്ങളാണ്. രാജധാനി സ്ഥാപിതമായി കൊണ്ടിരിക്കുന്നു. അതിനാൽ സർവ്വരും നല്ല രീതിയിൽ പുരുഷാർത്ഥം ചെയ്യണം. മറ്റൊരു പ്രയാസവും നല്കുന്നില്ല, കേവലം പറയുന്നു- ഹേ ആത്മാവേ എന്നെ ഓർമ്മിക്കൂ, സമ്പത്തിനെ ഓർമ്മിക്കൂ. വിശ്വത്തിന്റെ അധികാരിയാകുന്നതിന് ഇത്രയും ഓർമ്മിക്കൂ. ദേഹീയഭിമാനിയാകൂ. ദേഹാഭിമാനിയാകുന്നതിലൂടെയാണ് മായയുടെ അടിയേല്ക്കുന്നത്. ഒരു നാടകം ഉണ്ടാക്കിയിട്ടുണ്ട്. മായ ഇങ്ങനെ ചെയ്യുന്നു, ഭഗവാൻ ഇങ്ങനെ ചെയ്യുന്നു. അതിനാൽ പ്രാക്ടിക്കലായി കാണുന്നുണ്ട്- എത്ര പേർ ബാബയുടേതായി പിന്നെ മുഖം തിരിക്കുന്നു. പോയി നിന്ദിക്കുന്നു. ആശ്ചര്യമായി കേൾക്കുന്നു, പറഞ്ഞുകൊടുക്കുന്നു, പിന്നെ ഉപേക്ഷിക്കുന്നു. സത്യമായ അച്ഛൻ, ടീച്ചർ, സത്ഗുരുവിനെ നിന്ദിക്കുന്നു. അവരെ കാണുമ്പോൾ മനുഷ്യർ ചോദിക്കുന്നു ഈശ്വരനെ എങ്ങനെ ഉപേക്ഷിക്കുന്നുവെന്ന്. അങ്ങനെ നിന്ദിക്കുന്നവർക്ക് ഉയർന്ന പദവി നേടാനാകില്ല. ഇത് ഈ സമയത്തെ കാര്യമാണ്.

പല കുട്ടികൾക്കും നഷ്ടോമോഹാ ആകാൻ പരിശ്രമം ഉണ്ടാകുന്നു. വളരെപേരുടെ മോഹം ഇല്ലാതാകുന്നേയില്ല. ബാബ പറയുന്നു കുട്ടികളെയും സംരക്ഷിക്കൂ. അവരെക്കൊണ്ടും ബാബയെ ഓർമ്മിപ്പിക്കൂ. നല്ല കുട്ടികൾ ശിവബാബയെ ഓർമ്മിക്കും. ബാബ മനസ്സിലാക്കി തരുന്നു ഗവൺമെന്റും പവിത്രതയാണ് ആഗ്രഹിക്കുന്നത്. അതിനാൽ അവർക്ക് മനസ്സിലാക്കി കൊടുക്കണം നമ്മൾ ഭാരതത്തിൽ പവിത്രത കൊണ്ടുവരുന്നതിന് പവിത്രതയുടെ പ്രതിജ്ഞയെടുക്കുന്നു. നമ്മൾ ഭാരതത്തെ തീർച്ചയായും സ്വർഗ്ഗമാക്കും. കന്യകമാർക്ക് മാതാ പിതാവിന്റെയും ഉദ്ധാരണം ചെയ്യാനാകും. ബാബയെ ദരിദ്രരുടെ പങ്കാളിയെന്നാണ് പറയുന്നത്. സമ്പന്നരുടെ മുഴുവൻ ധനം, സമ്പത്ത് സർവ്വതും മണ്ണിലേക്ക് പോകും. സമ്പന്നർക്ക് വളരെ ശക്തി വേണ്ടിവരും, കാരണം കൂട്ടുസ്വത്തായിരിക്കുമല്ലോ. അല്ലാതെങ്ങിനെ തന്റെ വസ്തു സമർപ്പിക്കാൻ സാധിക്കും. ബാബയെ ദരിദ്രരുടെ പങ്കാളിയെന്നാണ് പറയുന്നത്. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യമായ സാരം -

1. ലക്ഷ്യത്തെ ബുദ്ധിയിൽ വെച്ച് പവിത്രമാകുന്നതിന് പൂർണ്ണമായും നഷ്ടോമോഹാ ആകണം. പഴയ ശരീരങ്ങളോടുള്ള മമത്വത്തെയില്ലാതാക്കണം.

2. നടക്കുമ്പോഴും ഇരിക്കുമ്പോഴും ബാബയുടെ ഓർമ്മയിലിരിക്കണം. ഒരു കാര്യത്തിന്റെയും ചിന്ത പാടില്ല. ഒരിക്കലും ബാബയെ നിന്ദിക്കുന്ന രീതിയിലുള്ള കർമ്മം ചെയ്യരുത്.

## വരദാനം:- സദാ സ്നേഹത്തിലൂടെയും സഹയോഗത്തിലൂടെയും അവിനാശി രത്നത്തിന്റെ ടൈറ്റിൽ പ്രാപ്തമാക്കുന്ന അമരന്മാരായി ഭവിക്കട്ടെ.

ആരാണോ സ്ഥാപനയുടെ കാര്യത്തിൽ സദാ സ്നേഹിയും സഹയോഗിയുമായിരിക്കുന്നത് അവർക്ക് അവിനാശി രത്നത്തിന്റെ ടൈറ്റിൽ ലഭിക്കുന്നു. അങ്ങിനെയുള്ള അവിനാശി രത്നത്തെ ആർക്കും തന്നെ ഒരിക്കലും ഇളക്കാൻ സാധിക്കില്ല. ഒരു പ്രതിസന്ധിക്കും തടസ്സപ്പെടുത്താൻ സാധിക്കില്ല. അങ്ങിനെയുള്ള അവിനാശി രത്നം തന്നെയാണ് അമർ ഭവ എന്ന വരദാനി. സത്യമായ സ്വർണ്ണമാണ്, ബാബയുടെ കൂട്ടുകാരനാണ്. അവർ ബാബയുടെ കാര്യത്തെ തന്റേതെന്ന് മനസ്സിലാക്കുന്നു. സദാ കൂടെയിരിക്കുന്നു, അതിനാൽ അവിനാശിയായി മാറുന്നു.

## സ്ലോഗൻ:- പവിത്രതയുടെ യഥാർത്ഥ ധാരണയുണ്ടെങ്കിൽ ഓരോ കർമ്മവും യഥാർത്ഥവും യുക്തിയുക്തവുമാകും.